**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1398** **19-06-2024 - ൽ മറുപടിയ്ക്ക്**

**വാഗമൺ ടൂറിസം കേന്ദ്രത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഗമൺ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി എന്തൊക്ക പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | **വാഗമൺ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഇടുക്കി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ചുവടെ ചേർത്ത പദ്ധതികൾ, പൊതു - സ്വകാര്യ പങ്കാളിത്ത(PPP) വ്യവസ്ഥയിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്:**<br><br>**1. വാഗമൺ അഡ്വഞ്ചർ പാർക്ക്**<br><br>**2. വാഗമൺ ബൊട്ടാണിക്കൽ ഗാർഡൻ.** |
| (ബി) | പ്രസ്തുത ടൂറിസം കേന്ദ്രത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും ശൗചാലയങ്ങൾ നിർമ്മിക്കുവാനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | അഡ്വഞ്ചർ പാർക്കിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കൂടുതൽ പാർക്കിങ് സൗകര്യം ഏർപ്പെടുത്താൻ നടപടിയായിട്ടുണ്ട്. പുതിയ ശൗചാലയങ്ങളുടെ നിർമാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ ഹെലിപ്പാട് നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | 2012 ൽ പണി പൂർത്തിയാക്കിയ വാഗമൺ ടൂറിസം കോംപ്ലക്സിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ഡി) | കാലപ്പഴക്കത്താൽ വാഗമൺ ടൂറിസം കോംപ്ലക്സിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ അനിവാര്യമായിട്ടുണ്ട്. ആയത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് സാധ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത കോംപ്ലക്സ് പുതുക്കി പണിയാനുള്ള വിശദമായ റിപ്പോർട്ട് ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ചിട്ടുള്ളതിന്മേൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | കാലപ്പഴക്കത്താൽ വാഗമൺ ടൂറിസം കോംപ്ലക്സിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ അനിവാര്യമായിട്ടുണ്ട്. ആയത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് സാധ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ